**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2496** **05.11.2019-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി.യുടെ പുതിയ പദ്ധതികൾ

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (എ) | വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. – പുതിയതായി 12 ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കുവാൻ പദ്ധതിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

**പുതിയ ജലവൈദ്യുത പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (മെഗാവാട്ട്) | വാർഷിക ഉത്പാദനശേഷി (ദശലക്ഷം യൂണിറ്റ്) |
|---|---|---|---|
| 1 | അപ്പർ ചെങ്കുളം | 24 | 53.22 |
| 2 | ലാഡ്രം | 3.5 | 12.13 |
| 3 | ഒലിക്കൽ | 5 | 10.26 |
| 4 | പൂവാരം തോട് | 3 | 5.88 |
| 5 | മാർമ്മല | 7 | 23.02 |
| 6 | ചെമ്പുക്കടവ് - III | 7.5 | 17.75 |
| 7 | മാങ്കുളം | 40 | 82 |
| 8 | പീച്ചാട് | 3 | 7.74 |
| 9 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 10 | മരിപ്പുഴ | 6 | 14.84 |
| 11 | വാളാം തോട് | 7.5 | 15.291 |
| 12 | ആനക്കയം | 7.5 | 22.83 |
| | **ആകെ** | **119.00** | **282.371** |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കുന്നതിനു വേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ദ്യുതി 2021<br>2. ട്രാൻസ്ഗ്രിഡ് 2.0<br>3. സൗര<br>4. ഫിലമെന്റ് രഹിത കേരളം<br>5. ഇസേഫ്<br>6. ഇ.ആർ.പി പദ്ധതി<br>7. കെഫോൺ<br>8. ഇലക്ട്രിക് മൊബിലിറ്റി<br>9. കമ്മ്യൂണിക്കേബിൾ ഫോൾട്ട് പാസ് ഡിറ്റക്ടർ |
| (ബി) | പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതികളിലൂടെ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 2021-ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു തകുന്ന വിധത്തിൽ വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 4036 കോടി രൂപയുടെ പദ്ധതിയാണ് ദ്യുതി 2021.<br><br>2. കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതുവരെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ ഏറ്റവും ബൃഹത്തായ പദ്ധതിയാണ് സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ആയി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി. ഏകദേശം 10,000 കോടി രൂപ ചിലവ് കണക്കാക്കിയിട്ടുള്ള പ്രസ്തുത പദ്ധതി കിഫ്ബിയുടെ സഹായത്തോടു കൂടിയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ട്രാൻസ്ഗ്രിഡ് 2.0 |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നതോടു കൂടി കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന എല്ലായിടത്തും സുഗമമായി എത്തിക്കാനാകും വിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകയും ചെയ്യും.<br>3. 2022 ഓടു കൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 40 ശതമാനം എങ്കിലും പു നരുപയോഗ സ്രോതസ്സുകളിൽ നിന്നും ആകണം എന്ന ലക്ഷ്യം നേടുന്നതിനായി 2021 ഓടു കൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നു കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. സൗര പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ ഊർജ്ജ ഉത്പാദന ശേഷിയിൽ ഹരിത ഊർജ്ജ ഉത്പാദനത്തിൽ നിന്നുള്ള വിഹിതം വർദ്ധിക്കും.<br>4 ഗാർഹിക, തെരുവുവിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും സിഎഫ്എൽ-കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ എൽഇഡി ബൾബുകൾ ഉപയോഗിച്ച് മാറ്റുക എന്നതാണ് ഫിലമെന്റ് രഹിത പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നത് വഴി പ്രതിദിനം 2.5 ദശലക്ഷം ടൺ $CO_2$ വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേയ്ക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും. കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും.<br>5. കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "-സേഫ്"<br>6. കേന്ദ്ര ഗവൺമെന്റിന്റെ, വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇ.ആർ.പി. നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പ വരുത്തുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.<br>7. കേരളത്തിലുടനീളം ചുരുങ്ങിയ ചിലവിൽ അതിവേഗ ഇന്റർനെറ്റ് സേവനം കുറഞ്ഞ |

| | | | |
|---|---|---|---|
| | | | നിരക്കിൽ ലഭ്യമാക്കുക എന്ന മഹത്തായ ലക്ഷ്യവുമായി കേരള സർക്കാർ, കെ.എസ്.ഇ.ബി. യും സർക്കാർ സംരഭമായ KSITIL ഉം ആയി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഓപ്റ്റിക് നെറ്റ് വർക്ക് (കെഫോൺ) പദ്ധതിയിലൂടെ കേരളത്തിൽ ഉടനീളമുള്ള 30,000 ത്തിൽ പരം സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുറഞ്ഞനിരക്കിൽ ഇന്റർനെറ്റ് സേവനം ലഭ്യമാകുകയും ദാരിദ്ര്യരേഖയിൽ താഴെയുള്ള 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സേവനം നല്കാൻ സാധിക്കുകയും ചെയ്യും.<br>8. ഇലക്ട്രിക് മൊബിലിറ്റിയുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ സംസ്ഥാനത്തു ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇലക്ട്രിക് മൊബിലിറ്റിയിലൂടെ ഖനിജ ഇന്ധനങ്ങളുടെ (fossil fuel) ദൗർലഭ്യവും അവ ഉപയോഗിക്കുന്ന വാഹനങ്ങൾ പുറന്തള്ളുന്ന വാതകങ്ങൾ അന്തരീക്ഷത്തിലെ ഓസോൺ പാളികൾക്ക് വരുത്തുന്ന ഹാനിയും കുറയ്ക്കാൻ സാധിക്കും.<br>9. എച്ച്.റ്റി വൈദ്യുതി ശൃംഖലയിലെ തകരാർ വേഗത്തിൽ കണ്ടുപിടിക്കാൻ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ തന്നെ വികസിപ്പിച്ചെടുത്ത ഉപകരണമാണ് കമ്മ്യൂണികേബിൾ ഫോൾട് പാസ് ഡിറ്റക്ടർ. |

സെക്ഷൻ ഓഫീസർ